പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 117

# 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 117

# 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ

695/2012.

# 2012-ലെ കേരള ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ

കേരളത്തിലെ ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ സംഗതികൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിലെ ധനാകാര്യസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ സംഗതികൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ ഈ ആക്റ്റിന്റെ 4-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ബി) "നിക്ഷേപം" എന്നാൽ പലിശയ്ക്ക് അല്ലെങ്കിൽ ഏതെങ്കിലും വസ്തുക്കൾക്ക് അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള വരവുകൾക്ക് അല്ലെങ്കിൽ ഏതെങ്കിലും സേവനത്തിനുവേണ്ടി ഒരു നിശ്ചിത കാലയളവിലേക്ക് ഒരു ധനകാര്യസ്ഥാപനത്തിൽ മൊത്ത തുകയായോ ഗഡുക്കളായോ നടത്തുന്ന പണത്തിന്റെ നിക്ഷേപം എന്നർത്ഥമാകുന്നു;

(സി) "ധനകാര്യസ്ഥാപനം" എന്നാൽ ഏതെങ്കിലും പദ്ധതിയുടെയോ പരസ്പരധാരണയുടെയോ കീഴിൽ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ നിക്ഷേപങ്ങൾ സ്വീകരിക്കുക എന്ന വ്യാപാരത്തിൽ ഏർപ്പെടുന്ന ഒരു ആൾ, ആളുകളുടെ സംഘം, ഒരു പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ 1956-ലെ കമ്പനീസ് ആക്റ്റിൻകീഴിൽ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി എന്നർത്ഥമാകുന്നതും

എന്നാൽ അതിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷനോ ഒരു സഹകരണസംഘമോ അല്ലെങ്കിൽ 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ (1949-ലെ 10-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം നിർവ്വചിക്കപ്പെട്ട ഒരു ബാങ്കിംഗ് കമ്പനിയോ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു;

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) "വസ്തുക്കൾ" എന്നതിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഉൾപ്പെടുന്നതാകുന്നു;

(എഫ്) "പ്രത്യേക കോടതി" എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ഒരു പ്രത്യേക കോടതി എന്നർത്ഥമാകുന്നു.

3. <u>നിക്ഷേപം മടക്കി നൽകുന്നതിൽ വീഴ്ച വരുത്തിയാൽ വസ്തു ജപ്തി ചെയ്യൽ.</u>—തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) കാലാവധി പൂർത്തിയായതിനുശേഷം ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപങ്ങൾ മടക്കിനൽകുന്നതിൽ വീഴ്ചവരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിൽ വീഴ്ചവരുത്തുകയോ നിക്ഷേപം സേവനത്തിന് വേണ്ടിയോ വസ്തുക്കൾ നൽകുന്നതിനുവേണ്ടിയോ ആകുന്നിടത്ത് അത്തരം സേവനം അഥവാ വസ്തുക്കൾ നൽകുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്തതായി നിരവധി നിക്ഷേപകരിൽനിന്നും സർക്കാരിന് പരാതി ലഭിക്കുന്ന സംഗതിയിൽ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപകരെ വഞ്ചിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കരുതിക്കൂട്ടി പ്രവർത്തിക്കുന്നു എന്ന് സർക്കാരിന് വിശ്വസിക്കാൻ തക്കതായ കാരണം ഉള്ള സംഗതിയിൽ;

ആ ധനകാര്യസ്ഥാപനം നിക്ഷേപങ്ങൾ മടക്കിനൽകുവാനോ പലിശ നൽകുവാനോ സേവനം നൽകുവാനോ വസ്തുക്കൾ നൽകുവാനോ സാദ്ധ്യതയില്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം, അങ്ങനെയുള്ള ധനകാര്യസ്ഥാപനത്തിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതുമുഖേനയും ആ ധനകാര്യസ്ഥാപനത്തിന്റെ പേരിലോ മറ്റ് ഏതെങ്കിലും ആളുടെയോ സ്ഥാപനത്തിന്റെയോ പേരിലോ വാങ്ങിയ ഏതെങ്കിലും വസ്തുക്കളോ ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും പേരിലോ സമാഹരിച്ചതായി ആരോപിക്കപ്പെടുന്ന പണമോ വസ്തുക്കളോ, അത്തരം പണമോ വസ്തുക്കളോ ജപ്തി ചെയ്യുന്നതിന് ലഭ്യമല്ലെങ്കിലോ, നിക്ഷേപങ്ങൾ മടക്കിനൽകുന്നതിന് മതിയാകുകയില്ല എന്നോ അതിന് ന്യായമായും തോന്നുന്നുവെങ്കിൽ, പ്രസ്തുത ധനകാര്യസ്ഥാപനത്തിന്റെയോ പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ പ്രൊമോട്ടർ, പാർട്ണർ, ഡയറക്ടർ, മാനേജർ അല്ലെങ്കിൽ അംഗം എന്നിവരുടെയോ വസ്തുക്കൾ അല്ലെങ്കിൽ ആ ധനകാര്യ സ്ഥാപനത്തിൽ നിന്ന് പണം കടം വാങ്ങി തിരികെ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഒരു ആളിൽ നിന്നും അയാളുടെ വീഴ്ചയുടെ വ്യാപ്തിയോളവും അല്ലെങ്കിൽ ആരുടെ പേരിലാണോ

ധനകാര്യസ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതുമുഖേനയും വസ്തുക്കൾ വാങ്ങിയിട്ടുള്ളത്, ആ ആളുടെ അങ്ങനെയുള്ള മറ്റേതെങ്കിലും വസ്തുക്കളോ, സർക്കാരിന് യുക്തമെന്നു തോന്നുന്ന രീതിയിൽ, ജപ്തി ചെയ്തുകൊണ്ടുള്ള ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതും പ്രസ്തുത പണം അല്ലെങ്കിൽ വസ്തുക്കൾ എന്നിവയ്ക്കുമേലുള്ള നിയന്ത്രണം ക്ഷമതയുള്ള അധികാരസ്ഥാനത്തിന് കൈമാറാവുന്നതുമാണ്.

4. ക്ഷമതയുള്ള അധികാരസ്ഥാനം.—(1) 3-ാം വകുപ്പ് പ്രകാരം ജപ്തി ചെയ്ത പണത്തിന്മേലും വസ്തുക്കളിന്മേലും നിയന്ത്രണം വിനിയോഗിക്കുന്നതിനായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രദേശങ്ങൾക്കോ അങ്ങനെയുള്ള സംഗതികൾക്കോവേണ്ടി ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ നിയമിക്കാവുന്നതാണ്.

(2) ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ഈ ആക്റ്റിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) 3-ാം വകുപ്പ് പ്രകാരം ഉള്ള സർക്കാർ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം, ക്ഷമതയുള്ള അധികാരസ്ഥാനം, ജപ്തി ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ് പരിപൂർണ്ണമാക്കിക്കിട്ടുന്നതിനായി പ്രത്യേക കോടതി മുമ്പാകെ അപേക്ഷിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയോടൊപ്പം, 3-ാം വകുപ്പിൽ പറഞ്ഞപ്രകാരം ധനകാര്യ സ്ഥാപനം എന്തെങ്കിലും വീഴ്ചവരുത്തിയതായോ നിക്ഷേപകരെ വഞ്ചിക്കാൻ സാദ്ധ്യതയുണ്ടന്നോ കണ്ടെത്തിയ കാരണങ്ങൾ വിശദീകരിക്കേണ്ടതും, നിക്ഷേപം മുഖേന സമാഹരിച്ച പണത്തിന്റെ തുക അല്ലെങ്കിൽ വാങ്ങിയെന്ന് വിശ്വസിക്കുന്ന വസ്തുക്കളുടെ മൂല്യം, നിക്ഷേപം ഉപയോഗിച്ച് ആരുടെ പേരിലാണോ അത്തരം വസ്തുക്കൾക്കുവേണ്ടി നിക്ഷേപിച്ചത് അല്ലെങ്കിൽ വാങ്ങിയത് എന്ന് ബോദ്ധ്യമായിട്ടുള്ളിടത്ത് അവ സംബന്ധിച്ച വിശദവിവരങ്ങൾ, 3-ാം വകുപ്പ് പ്രകാരം ജപ്തി ചെയ്ത വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ എന്നിവ വ്യക്തമാക്കുന്നതിനാവശ്യമായ ഒന്നോ അതിലധികമോ സത്യവാങ്മൂലങ്ങൾ അനുബന്ധമായി ചേർക്കേണ്ടതുമാണ്.

(5) സമാനമായ കേസുകൾ വിചാരണ ചെയ്യാൻ അധികാരിതയുള്ളതോ അല്ലെങ്കിൽ ധനകാര്യസ്ഥാപനത്തിന്റെ പണമോ വസ്തുവോ സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിന് അധികാരിതയുള്ളതോ ആയ കോടതിയിലോ അല്ലെങ്കിൽ 3-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ആളുകൾ ഏതു കോടതിയുടെ പ്രാദേശിക അധികാരിതയുടെ പരിധിയിലാണോ വരുന്നത് ആ കോടതിയിലോ ഉചിതമായ ഉത്തരവിനുവേണ്ടി ക്ഷമതയുള്ള അധികാരസ്ഥാനം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(6) ക്ഷമതയുള്ള അധികാരസ്ഥാനം അത് വസൂലാക്കുന്ന പണം നിക്ഷേപിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനുമായി ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ അക്കൗണ്ട് തുറക്കേണ്ടതാണ്.

5. വാഗ്ദാനങ്ങളെ മാനിച്ച് നിക്ഷേപങ്ങൾ തിരികെ നൽകുന്നതിലും പലിശ നൽകുന്നതിലും വരുത്തുന്ന വീഴ്ച.—3-ഉം 4-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപം തിരികെ നൽകുന്നതിൽ വീഴ്ചവരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപം സേവനത്തിനോ വസ്തുക്കൾക്കോവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണെങ്കിൽ നിക്ഷേപം നടത്തപ്പെട്ട അങ്ങനെയുള്ള സേവനമോ വസ്തുക്കളോ നൽകുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ, ധനകാര്യസ്ഥാപനത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഓരോ ആളും, കുറ്റസ്ഥാപനത്തിൻമേൽ, പത്തുവർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ അത്തരം ധനകാര്യസ്ഥാപനം ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴ നൽകാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

6. കുറ്റം രാജിയാക്കൽ.—(1) 5-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം, നിക്ഷേപകർക്ക് നൽകേണ്ട മുഴുവൻ തുകയും, പലിശ സഹിതമോ അല്ലാതെയോ, തിരിച്ചുനൽകപ്പെടുന്നപക്ഷം, പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിനുമുമ്പാണെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് രാജിയാക്കാവുന്നതും പ്രോസിക്യൂഷൻ നടപടികൾ തുടങ്ങിയശേഷമാണെങ്കിൽ പ്രത്യേക കോടതിയുടെ അനുവാദത്തോടുകൂടി ക്ഷമതയുള്ള അധികാരസ്ഥാനത്തിന് രാജിയാക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കുറ്റം രാജിയാക്കിക്കഴിഞ്ഞാൽ കുറ്റക്കാരനെതിരെ അപ്രകാരം രാജിയാക്കിയ കുറ്റം സംബന്ധിച്ച് നടപടിയോ തുടർനടപടിയോ, അതതുസംഗതിപോലെ, സ്വീകരിക്കുവാനോ തുടരുവാനോ പാടില്ലാത്തതും കുറ്റക്കാരൻ കസ്റ്റഡിയിൽ ആണെങ്കിൽ ഉടൻതന്നെ കുറ്റവിമുക്തനാക്കേണ്ടതും വിട്ടയയ്ക്കേണ്ടതും ആകുന്നു.

7. പ്രത്യേക കോടതി.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, സർക്കാരിന്, ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ സമ്മതത്തോടുകൂടി, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രദേശത്തിനോ പ്രദേശങ്ങൾക്കോ, കേസിനോ കേസുകൾക്കോവേണ്ടി ജില്ലാ-സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയോടുകൂടിയ ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ സ്ഥാപിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമായിട്ടുള്ള യാതൊരു കാര്യത്തെ സംബന്ധിച്ചും പ്രത്യേക കോടതിക്കല്ലാതെ, 1955-ലെ ഇൻസോൾവൻസി ആക്റ്റിൻ (1956-ലെ 2) കീഴിൽ സ്ഥാപിക്കപ്പെട്ട കോടതി ഉൾപ്പെടെയുള്ള യാതൊരു കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമായിട്ടുള്ളതും മറ്റ് ഏതെങ്കിലും കോടതിയിൽ നിലവിലിരിക്കുന്നതുമായ ഏതൊരു കേസും പ്രത്യേക കോടതി സ്ഥാപിക്കുന്ന തീയതി മുതൽ അതിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്.

(4) ഏതെങ്കിലും കേസിന്റെ വിചാരണവേളയിൽ, പ്രത്യേക കോടതിക്ക്, 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു കുറ്റം കൂടാതെ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) പ്രകാരം പ്രതിക്കുമേൽ ചുമത്തപ്പെടാവുന്ന ഏതൊരു കുറ്റവും കൂടി അതേ വിചാരണയ്ക്കൊപ്പം വിചാരണ ചെയ്യാവുന്നതാണ്.

8. ജപ്തി ചെയ്യൽ, വിൽപ്പന, വസൂലാക്കൽ, വിതരണം എന്നിവ സംബന്ധിച്ച പ്രത്യേക കോടതിയുടെ അധികാരങ്ങൾ.—(1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്ന സംഗതിയിൽ, ഏത് ധനകാര്യസ്ഥാപനത്തിന്റെ അല്ലെങ്കിൽ മറ്റു ഏതെങ്കിലും ആളുടെ വസ്തു ആണോ സർക്കാർ 3-ാം വകുപ്പ് പ്രകാരം ജപ്തി ചെയ്തത്, ആ സ്ഥാപനത്തിന് അല്ലെങ്കിൽ ആൾക്ക് അപേക്ഷയുടെയും സത്യവാങ്മൂലത്തിന്റെയും രേഖപ്പെടുത്തിയ തെളിവ് എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെയും പകർപ്പ് സഹിതം ഒരു നോട്ടീസ് പ്രത്യേക കോടതി നൽകേണ്ടതും നോട്ടീസിൽ നിശ്ചയിച്ചേക്കാവുന്ന തീയതിയിൽ ഹാജരാകുന്നതിനും ജപ്തി ചെയ്ത ഉത്തരവ് പരിപൂർണ്ണമാക്കാതിരിക്കുവാൻ ഉള്ള കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ബോധിപ്പിക്കുവാനും ആവശ്യപ്പെടേണ്ടതാണ്.

(2) പ്രത്യേക കോടതി, 3-ാം വകുപ്പ് പ്രകാരം ജപ്തി ചെയ്യപ്പെട്ട ധനകാര്യസ്ഥാപനത്തിന്റെ അല്ലെങ്കിൽ നോട്ടീസ് നൽകപ്പെട്ട ആളുടെ വസ്തുവിൽ അവകാശമോ താൽപ്പര്യമോ ഉടമസ്ഥാവകാശമോ ഉണ്ടെന്നോ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്നോ അവകാശപ്പെട്ട് അതിനെ സമീപിക്കുന്ന മറ്റെല്ലാ ആളുകൾക്കും കൂടി (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ച പ്രകാരമുള്ള നോട്ടീസ് നൽകേണ്ടതും നോട്ടീസിൽ നിശ്ചയിച്ച അതേ തീയതിയിൽ ഹാജരാകാൻ ആവശ്യപ്പെടുകയും അയാൾ അങ്ങനെ ആഗ്രഹിക്കുന്നപക്ഷം വസ്തുവിന്മേലോ ആയതിന്റെ ഭാഗത്തിന്മേലോ അയാൾക്ക് അവകാശം ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല ജപ്തി ഉത്തരവ് പരിപൂർണ്ണമാക്കുന്നതിനെതിരെ ആക്ഷേപം ഉന്നയിക്കാവുന്നതുമാണ്.

(3) ഈ വകുപ്പിൻകീഴിൽ നോട്ടീസ് നൽകിയിട്ടില്ല എന്നിരുന്നാലും, ജപ്തി ചെയ്യപ്പെട്ട വസ്തുവിന്റെ അല്ലെങ്കിൽ വസ്തുവിന്റെ ഭാഗത്തിന്മേൽ അവകാശം അഥവാ താൽപ്പര്യം ഉന്നയിക്കുന്ന ഏത് ആൾക്കും (2)-ാം ഉപവകുപ്പിൽ പറഞ്ഞപ്രകാരം (4)-ാം ഉപവകുപ്പ് അല്ലെങ്കിൽ (6)-ാം ഉപവകുപ്പ് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് പ്രത്യേക കോടതി മുൻപാകെ ആക്ഷേപം ഉന്നയിക്കാവുന്നതാണ്.

(4) നിശ്ചിത തീയതിക്കോ അതിനുമുൻപോ യാതൊരു ആളും യാതൊരു കാരണവും കാണിക്കാതിരിക്കുകയോ യാതൊരു ആക്ഷേപവും ഉന്നയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം, പ്രത്യേക കോടതി, 3-ാം വകുപ്പുപ്രകാരം സർക്കാർ ജപ്തി ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ് പരിപൂർണ്ണമാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(5) (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം ഏതെങ്കിലും ആൾ കാരണം കാണിക്കുകയോ ആക്ഷേപം ഉന്നയിക്കുകയോ ചെയ്യുന്നപക്ഷം ആയത് അന്വേഷിക്കുന്നതിന് പ്രത്യേക കോടതി നടപടി സ്വീകരിക്കേണ്ടതും ഇതിനായി കക്ഷികളുടെ വിസ്താരത്തിലും മറ്റ് എല്ലാ കാര്യങ്ങളിലും, പ്രത്യേക കോടതി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ

(1908-ലെ V-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു കോടതി വ്യവഹാരം കേൾക്കുന്നതിനുള്ള നടപടിക്രമം പാലിക്കേണ്ടതും അധികാരം വിനിയോഗിക്കേണ്ടതും, ആക്ഷേപം ഉന്നയിക്കുന്ന ഏതെങ്കിലും ആളോട് 3-ാം വകുപ്പ് പ്രകാരം ജപ്തി ചെയ്ത തീയതിയിൽ അയാൾക്ക് ജപ്തി ചെയ്ത വസ്തുവിൽ അവകാശം അഥവാ താൽപ്പര്യം ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുന്ന തെളിവ് ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്.

(6) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ ലഭിച്ച് നൂറ്റി എൺപത് ദിവസത്തിനകം, (5)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി, ജപ്തിചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ് പരിപൂർണ്ണമാക്കിക്കൊണ്ടോ, അത് വ്യത്യാസപ്പെടുത്തി ഒരു ഭാഗം വസ്തു ജപ്തിയിൽ നിന്ന് വിടുതൽ ചെയ്തുകൊണ്ടോ ജപ്തി ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ് റദ്ദാക്കിക്കൊണ്ടോ പ്രത്യേക കോടതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്:

എന്നാൽ, ധനകാര്യസ്ഥാപനത്തിലെ നിക്ഷേപകർക്ക് തിരികെ നൽകേണ്ട മൂല്യത്തിന് ആവശ്യമായ തുക അഥവാ മൂല്യം ജപ്തി ചെയ്യപ്പെട്ട വസ്തുവിന് ഉണ്ട് എന്ന് ബോദ്ധ്യപ്പെടാത്തപക്ഷം, ധനകാര്യസ്ഥാപനത്തിനോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ച ആൾക്കോ വസ്തുവിന്മേൽ ഏതെങ്കിലും അവകാശമോ താൽപ്പര്യമോ ഉണ്ട് എന്ന് ബോദ്ധ്യപ്പെട്ടാൽ തന്നെയും, പ്രത്യേക കോടതി ആയത് ജപ്തിയിൽ നിന്ന് വിടുതൽ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(7) ജപ്തി ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ് പരിപൂർണ്ണമാക്കപ്പെടുന്നപക്ഷം, ജപ്തി ചെയ്യപ്പെട്ട വസ്തുക്കൾ പൊതുലേലം മുഖേന വിൽക്കുവാനും വിൽപ്പന തുക വസൂലാക്കുവാനും പ്രത്യേക കോടതി മുമ്പാകെ ക്ഷമതയുള്ള അധികാരസ്ഥാനം ഒരു അപേക്ഷ ബോധിപ്പിക്കേണ്ടതും അതിൻമേൽ പ്രത്യേക കോടതി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

(8) ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഒരു അപേക്ഷയിന്മേൽ, പ്രത്യേക കോടതി, ജപ്തി പ്രകാരമോ (7)-ാം ഉപവകുപ്പ് പ്രകാരം നടത്തിയ വിൽപ്പന പ്രകാരമോ വസൂലാക്കിയ പണം നിക്ഷേപകർക്കിടയിൽ നീതിപൂർവ്വകമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യേണ്ടതാണ്.

9. <u>ഉത്തമവിശ്വാസത്തിലല്ലാതെ കൈമാറ്റം ലഭിച്ചവരിൽ നിന്നും ജപ്തി ചെയ്യൽ.</u>—(1) ഒരു ധനകാര്യസ്ഥാപനത്തിന്റെയോ അല്ലെങ്കിൽ 3-ാം വകുപ്പിൽ പ്രസ്താവിച്ച ഏതെങ്കിലും ആളുടെയോ ജപ്തിക്ക് ലഭ്യമായ ആസ്തിയുടെ മൂല്യം ആ ധനകാര്യസ്ഥാപനത്തിലെ നിക്ഷേപകർക്ക് തിരികെ നൽകുവാനുള്ള തുക അഥവാ മൂല്യത്തിനേക്കാൾ കുറവാണ് എന്നു കാണുകയും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിനുശേഷമോ അത്തരം ധനകാര്യസ്ഥാപനം അഥവാ ആൾ ഉത്തമവിശ്വാസത്തിലല്ലാതെയും പ്രതിഫലത്തോടെയും ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്തതായി വിശ്വസിക്കത്തക്ക മതിയായ കാരണം ഉണ്ടെന്ന് പ്രത്യേക കോടതിക്ക് സത്യവാങ്മൂലം മുഖേനയോ മറ്റേതെങ്കിലും രീതിയിലോ ബോധ്യപ്പെടുകയും ചെയ്താൽ, പ്രത്യേക കോടതിക്ക്, അത്തരം വസ്തുവിന്റെ കൈമാറ്റം ലഭിച്ച ഏതെങ്കിലും സ്ഥാപനത്തെ അഥവാ ആളെ, അത് ധനകാര്യസ്ഥാപനത്തിൽനിന്നോ

ആളിൽനിന്നോ നേരിട്ടോ അല്ലാതെയോ ആണ് ലഭിച്ചത് എന്നിരുന്നാലും, ഒരു നോട്ടീസ് മുഖേന, നോട്ടീസിൽ നിർദ്ദേശിച്ചേക്കാവുന്ന ദിവസം ഹാജരാകുവാനും കൈമാറ്റം ലഭിച്ച വസ്തുവിന്റെ കമ്പോളവിലയ്ക്ക് തത്തുല്യമായ തുകയ്ക്കുള്ള വസ്തു കൈമാറ്റം ലഭിച്ച സ്ഥാപനത്തിന്റെ അഥവാ ആളുടെ വസ്തുക്കളിൽ നിന്ന് ജപ്തി ചെയ്യാതിരിക്കുവാനുള്ള കാരണം കാണിക്കുവാനും ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ച രീതിയിൽ കൈമാറ്റം ലഭിച്ച സ്ഥാപനം അഥവാ ആൾ നിശ്ചയിച്ച തീയതിയിൽ ഹാജരാകാതിരിക്കുകയോ കാരണം കാണിക്കാതിരിക്കുകയോ അല്ലെങ്കിൽ 8-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള ഒരു അന്വേഷണത്തിന് ശേഷമോ, കൈമാറ്റം കിട്ടിയ സ്ഥാപനത്തിന് അഥവാ ആൾക്ക് ലഭിച്ച വസ്തുവിന്റെ കൈമാറ്റം ഉത്തമവിശ്വാസത്തിലല്ലാതെയും പ്രതിഫലത്തിനുവേണ്ടിയും ആയിരുന്നു എന്ന് പ്രത്യേക കോടതിക്ക് ബോദ്ധ്യമാകുന്നപക്ഷം, കൈമാറ്റം ചെയ്യപ്പെട്ട വസ്തുവിന്റെ കമ്പോളവിലയ്ക്ക് തത്തുല്യമായ അത്രയും തുകയ്ക്കുള്ളത് എന്ന് പ്രത്യേക കോടതിക്ക് അഭിപ്രായമുള്ള, കൈമാറ്റം ലഭിച്ച സ്ഥാപനത്തിന്റെ അഥവാ ആളുകളുടെ വസ്തുക്കൾ ജപ്തി ചെയ്യുവാൻ പ്രത്യേക കോടതി ഉത്തരവിടേണ്ടതാണ്.

10. ജപ്തിക്ക് പകരം സെക്യൂരിറ്റി.—ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും ധനകാര്യസ്ഥാപനത്തിന്റെയോ ആളുടെയോ വസ്തുവകകൾ ജപ്തി ചെയ്യപ്പെടുകയോ ജപ്തി ചെയ്യപ്പെടാൻ പോകുകയോ ആണെങ്കിൽ, പ്രസ്തുത ജപ്തിക്ക് പകരം സെക്യൂരിറ്റി നൽകുന്നതിനുള്ള അനുവാദത്തിനായി ഏതൊരു സമയത്തും അങ്ങനെയുള്ള സ്ഥാപനത്തിനോ ആൾക്കോ പ്രത്യേക കോടതി മുമ്പാകെ അപേക്ഷ നൽകാവുന്നതും അങ്ങനെ നൽകാൻ സന്നദ്ധമാകുന്നതും നൽകുന്ന സെക്യൂരിറ്റിയും പ്രത്യേക കോടതിയുടെ അഭിപ്രായത്തിൽ തൃപ്തികരവും മതിയായതും ആണെന്ന് കാണുന്നപക്ഷം, അതിന്, അതതു സംഗതിപോലെ, ജപ്തി ചെയ്യുവാനുള്ള ഉത്തരവ് നൽകാതിരിക്കാവുന്നതോ ജപ്തി ചെയ്യുവാനുള്ള ഇടക്കാല ഉത്തരവ് റദ്ദാക്കാവുന്നതോ ആണ്.

11. ജപ്തി ചെയ്ത വസ്തുവിന്റെ ഭരണനിർവ്വഹണം.—ഈ ആക്റ്റ് പ്രകാരം ജപ്തി ചെയ്യപ്പെട്ട ഏതെങ്കിലും വസ്തുവിന്മേൽ താൽപ്പര്യമുള്ള ഏതെങ്കിലും ആളുടെ അപേക്ഷയിന്മേൽ, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം, പ്രത്യേക കോടതിക്ക്,—

(എ) അപേക്ഷകന്റെയോ കുടുംബത്തിന്റെയോ നിലനിൽപ്പിന് ന്യായമായ ആവശ്യത്തിലേക്കായിട്ടുള്ള തുകയ്ക്കോ, പ്രത്യേക കോടതിയിൽ അപേക്ഷകനെതിരെ 5-ാം വകുപ്പിൻകീഴിലുള്ള ക്രിമിനൽ നടപടികൾക്കെതിരെയുള്ള പ്രതിവാദത്തിന്റെ ചെലവിലേക്കായി വന്നിട്ടുള്ള തുകയ്ക്കോ അപേക്ഷകൻ അവകാശവാദമുന്നയിക്കുന്ന പക്ഷം ജപ്തി ചെയ്യപ്പെട്ട വസ്തുവിൽ നിന്ന് നൽകുന്നതിന്;

(ബി) ജപ്തിമൂലം ബാധിക്കപ്പെട്ട ഏതെങ്കിലും ബിസിനസ്സിന്റെ താൽപ്പര്യം പ്രായോഗികമായിടത്തോളം സംരക്ഷിക്കുന്നതിന്, പ്രത്യേകിച്ച് അത്തരം ബിസിനസ്സിലെ ഏതെങ്കിലും പങ്കാളിയുടെ താല്പര്യത്തിന്;

നീതിപൂർവ്വകവും ന്യായവുമായ ഉത്തരവ് നൽകാവുന്നതാണ്.

12. അപ്പീൽ.—പ്രത്യേക കോടതിയുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന, ക്ഷമതയുള്ള അധികാരസ്ഥാനം ഉൾപ്പെടെ, ഏതൊരാൾക്കും ഉത്തരവ് തീയതി മുതൽ മുപ്പത് ദിവസത്തിനകം ഹൈക്കോടതി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

13. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ.—പ്രത്യേക കോടതിയിൽ കേസ് നടത്തുന്നതിനുവേണ്ടി, ഓരോ പ്രത്യേക കോടതിയിലേക്കും പത്ത് വർഷത്തിൽ കുറയാത്ത സേവന പരിചയമുള്ള ഒന്നോ അതിലധികമോ അഭിഭാഷകരെ, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, നിയമിക്കേണ്ടതാണ്.

14. കുറ്റങ്ങൾ വിചാരണ ചെയ്യുമ്പോൾ പ്രത്യേക കോടതിക്കുള്ള അധികാരങ്ങളും പാലിക്കേണ്ട നടപടിക്രമവും.—(1) കീഴ്ക്കോടതിയിൽ നിന്നും വിചാരണയ്ക്കായി ഏൽപ്പിക്കാതെ തന്നെ ഈ ആക്റ്റിൻകീഴിലുള്ള കുറ്റകൃത്യങ്ങൾ പ്രത്യേക കോടതിക്ക് നേരിട്ട് വിചാരണയ്ക്കെടുക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും അപ്രകാരം, പ്രതിയെ വിചാരണ ചെയ്യുമ്പോൾ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൻ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) കീഴിൽ മജിസ്ട്രേറ്റ് ഒരു വാറണ്ട് കേസ് എപ്രകാരം വിചാരണ ചെയ്യുന്നുവോ അപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

(2) പ്രത്യേക കോടതി മുമ്പാകെ ഉള്ള എല്ലാ നടപടിക്രമങ്ങൾക്കും, സാദ്ധ്യമാകുന്നിടത്തോളം, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ ബാധകമാകുന്നതും പ്രസ്തുത വ്യവസ്ഥകളുടെ ആവശ്യത്തിലേക്കായി പ്രത്യേക കോടതിക്ക് ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്.

15. ആക്റ്റിന് മറ്റ് നിയമങ്ങൾക്കുമേലുള്ള അതിപ്രഭാവം.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ നിയമപ്രാബല്യമുള്ള ഏതെങ്കിലും ആചാരത്തിലോ പ്രയോഗത്തിലോ കരണത്തിലോ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാൽതന്നെയും അവയ്ക്കുമേൽ അതിപ്രഭാവമുണ്ടായിരിക്കുന്നതാണ്.

16. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വൻതോതിലുള്ള ലാഭവിഹിതവും പലിശയും വാഗ്ദാനം ചെയ്തും ദുർഗ്രഹമായ പദ്ധതികൾ ആവിഷ്കരിച്ചും ജനങ്ങളുടെ, വിശിഷ്യാ പാവപ്പെട്ടവർ, മദ്ധ്യവർഗ്ഗത്തിൽപ്പെട്ടവർ എന്നിവരുടെ പണം ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ പ്രേരിപ്പിച്ച്, നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം വാഗ്ദാനലംഘനം നടത്തി നിക്ഷേപകരുടെ പണവുമായി കടന്നുകളയുന്ന അനേകം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും തട്ടിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണം തിരിച്ചുകൊടുക്കുന്നതിലും വാഗ്ദാനങ്ങൾ പാലിക്കുന്നതിലും വീഴ്ചവരുത്തി, നിക്ഷേപകരെ വഞ്ചിക്കുകയും പലപ്പോഴും പണവുമായി ഇവർ കടന്നുകളയുകയും ചെയ്യുന്നു. ഇപ്രകാരം ഇവർ തട്ടിയെടുത്ത പണം കോടികൾ കവിയും. ഇവർ നടത്തുന്ന വിശ്വാസവഞ്ചന പൊതുസമൂഹത്തിൽ കടുത്ത അമർഷത്തിന് ഇടയാക്കുന്നു. ഇത് പൊതുസമൂഹത്തിന്റെ സ്വസ്ഥതയ്ക്കും നിലനിൽപ്പിനും ഭീഷണി ഉയർത്തുന്നു. പൊതുനിയമങ്ങൾ പ്രകാരം ഇത്തരം വിശ്വാസവഞ്ചനയ്ക്കും തട്ടിപ്പിനും സ്ഥാപനം നടത്തിപ്പുകാർക്കെതിരെ നടപടി സാധ്യമാണെങ്കിൽതന്നെയും, നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുവാനും, അവർക്ക് അവരുടെ പണം തിരിച്ചുലഭിക്കുവാനും ഇത്തരം തട്ടിപ്പുകളെ വ്യക്തമായ ഒരു കുറ്റകൃത്യമായി നിർവ്വചിക്കുവാനും ഫലപ്രദവും സുവ്യക്തവുമായ ഒരു സമഗ്ര നിയമത്തിന്റെ അഭാവമാണ് ഇത്തരം സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊന്തുവാൻ കാരണമാകുന്നത് എന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പരസ്യങ്ങളിൽ വശംവദരായി ഇത്തരം ധനകാര്യസ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കുന്ന, സാധാരണക്കാരന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ ഒരു സമഗ്ര നിയമത്തിന്റെ ആവശ്യകതയും സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഭാരതീയ റിസർവ് ബാങ്ക് ഇത്തരം ഒരു നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ഇക്കാര്യത്തിൽ ഒരു പുതിയ നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടിയുള്ള ബില്ലിലെ 7-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്, സർക്കാരിന്, ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയോടുകൂടിയ ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ സ്ഥാപിക്കേണ്ടിവരുന്നതും 13-ാം ഖണ്ഡപ്രകാരം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കേണ്ടിവരുന്നതുമാണ്. തുടക്കത്തിൽ ഇത്തരത്തിലുള്ള ഒരു കോടതി സംസ്ഥാനത്ത് അവശ്യം സ്ഥാപിക്കേണ്ടതുണ്ട്. ഇപ്രകാരം ഒരു പ്രത്യേക കോടതി സ്ഥാപിക്കേണ്ടിവരുമ്പോൾ, ജില്ലാ ജഡ്ജി, ശിരസ്തദാർ, ജൂനിയർ സൂപ്രണ്ട്, ബെഞ്ച് ക്ലാർക്ക്, അപ്പർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ക്ലാർക്ക്, മൂന്ന് ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ആമീൻ, പ്രോസസ് സർവർ, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിങ്ങനെ ഏറ്റവും കുറഞ്ഞ രീതിയിലെങ്കിലുമുള്ള സ്റ്റാഫിന്റെ സേവനം അത്യന്താപേക്ഷിതമാണ്. ഇവർക്ക് ഒരു മാസത്തേക്ക് ശമ്പള ഇനത്തിൽ മാത്രം ഏകദേശം മൂന്ന് ലക്ഷം രൂപയോളം സാമ്പത്തിക ബാദ്ധ്യത കണക്കാക്കുന്നു. ഇപ്രകാരം ഒരു വർഷത്തേക്ക് ഏകദേശം 36 ലക്ഷം രൂപ വേണ്ടിവരുന്നതാണ്. നിർദ്ദിഷ്ട ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഇതോടനുബന്ധിച്ചുള്ള മറ്റു ചെലവുകൾക്ക് എത്രമാത്രം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് ഇപ്പോൾ തിട്ടപ്പെടുത്താൻ സാധിക്കുകയില്ല. അതിനാൽ, പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ കൂടി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

ആയതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 36 ലക്ഷം രൂപ ആവർത്തകചെലവും 50 ലക്ഷം രൂപ അനാവർത്തകചെലവും വരുന്നതാണ്.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തപ്രകാരം ജപ്തി ചെയ്യപ്പെടുന്ന പണത്തിന്മേലും വസ്തുക്കളിന്മേലും നിയന്ത്രണം വിനിയോഗിക്കുന്നതിനായി, ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ നിയമിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 4-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ സമ്മതത്തോടുകൂടി, ജില്ലാ-സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ള ഒരു ജഡ്ജിയോടുകൂടിയ ഒന്നോ അതിലധികമോ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 7-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. പ്രത്യേക കോടതിയിൽ കേസ് നടത്തുന്നതിനുവേണ്ടി, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 13-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 16-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. എം. മാണി.